# പുസ്തകാവലോകനം മാർഗരേഖ

**സന്തോഷ് എച്ച്.കെ.**

മലയാള അക്കാദമികപഠനത്തിന്റെ ചരിത്രം 1860 കൾ തൊട്ട് മദിരാശിയിൽ നിന്നാണ് തുടങ്ങുന്നത്. ഗവേഷണം 1930 കൾ തൊട്ട് ആരംഭിക്കുന്നുണ്ട്.

മലയാളഗവേഷണത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ആദ്യകാലത്ത് അഭിമാനകരമായ ഒരു അരങ്ങൊരുക്കൽ നടന്നതായി മനസ്സിലാക്കാൻ കഴിയും. എന്നാൽ ഗവേഷണവും അക്കാദമികരചനാസംസ്കാരവും പില്ക്കാലത്ത് കാര്യമായി മലയാളത്തിൽ വികസിച്ചിട്ടില്ലെന്നുവേണം പറയാൻ.

ജ്ഞാനാന്വേഷണപരമായ അക്കാദമികവൃത്തിയാണ് ഗവേഷണം. അതൊരു സർഗാത്മക പ്രവർത്തനമല്ല. വ്യക്തിനിഷ്ഠം എന്ന നിലവിട്ട് സമൂഹനിഷ്ഠമായ വൃത്തിയായി ഗവേഷണം മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു പ്രശ്നത്തെ കണ്ടെത്തി അതിനെ നിർവചിച്ച് നിരീക്ഷണപരീക്ഷണങ്ങളിലൂടെ അത് പരിഹരിക്കുന്ന ഒരു പ്രവർത്തനമാണ് ഗവേഷണം. പ്രശ്നപരിഹാരത്തിലാണ് ഊന്നൽ. അതുകൊണ്ട് ഗവേഷണം ഒരു കണ്ടെത്തലിൽ അവസാനിക്കണം. അതുകൊണ്ടുതന്നെകൃത്യതയും വസ്തുനിഷ്ഠതയും യുക്തിഭദ്രതയും ഗവേഷണപ്രവർത്തനത്തിലുടനീളം ഉണ്ടാവണം. അതുപോലെത്തന്നെ വാലിഡേഷനും പ്രധാനമാണ്.ഏത് ഗവേഷണറിപ്പോർട്ടും അതുകൊണ്ടുതന്നെ അക്കാദമികരചനാശൈലി പിന്തുടർന്നേ മതിയാവൂ.

**ഗവേഷണപ്രവർത്തനം – പടിക്കെട്ടുകൾ**

1. കീവേഡുകൾ
2. സങ്കല്പനമാതൃകകൾ/ സിദ്ധാന്തം സ്വീകരിക്കുക
3. അന്വേഷണങ്ങൾ
4. വിവരശേഖരണം (ആകരങ്ങൾ പ്രാഥമികം ദ്വിതീയം തൃതീയം )
5. വർഗീകരണം
6. മെറ്റാഡാറ്റ തയ്യാറാക്കൽ
7. കുറിപ്പെടുക്കൽ
8. കീവേഡുകളെ ടാഗുകളാക്കി മാറ്റൽ
9. സമാനമായ മറ്റു രേഖകളുമായി പരസ്പരം ബന്ധിപ്പിക്കൽ

10. [illegible]ലനം
11. നിരീക്ഷണങ്ങൾ
12. ആശയാവലികളുടെ നിർമ്മിതി
13. അദ്ധ്യായങ്ങളിലേക്ക് ആശയാവലികളായി പകർത്തൽ
14. സിദ്ധാന്തീകരണം
15. അദ്ധ്യായരചന
16. നിഗമനങ്ങളെ ക്രോഡീകരിക്കൽ
17. പ്രബന്ധ ഘടന പൂർത്തീകരിക്കൽ ( ഗ്രന്ഥസൂചി അനുബന്ധങ്ങൾ ഡാറ്റാ ഷീറ്റുകൾ.. ആമുഖം ഉപസംഹാരം.. തുടർ പഠന ആലോചനകൾ..)
18. പ്രബന്ധസംഗ്രഹം തയ്യാറാക്കൽ
19. താക്കോൽ വാക്കുകൾ തയ്യാറാക്കൽ.

**പ്രബന്ധഘടന സാമാന്യസ്വരൂപം**

1. ആമുഖം
2. ലിറ്ററി റിവ്യൂ
3. പ്രബന്ധശരീരം (വസ്തുതകളും  രീതിശാസ്ത്രാധിഷ്ഠിത വിശകലനവുംവിഷയാവതരണം രീതിശാസ്ത്രം അവലോകനം)
4. നിഗമനം
5. ഉപരിചർച്ച
6. പരിമിതികൾ
7. ഉറവിടങ്ങൾ അഥവാ ആകരങ്ങൾ
8. ഗ്രന്ഥസൂചി
9. അനുബന്ധങ്ങൾ

സംഗ്രഹം, താക്കോൽ വാക്കുകൾ എന്നിവ വേറെ തയ്യാറാക്കണം.

**അക്കാദമികരചനയുടെ പൊതുതത്ത്വങ്ങൾ:**

- മാനകപദങ്ങൾ ഉപയോഗിക്കണം
- വാക്യാംശം, വാക്യം, പ്രകരണം, ഖണ്ഡിക, ഖണ്ഡം, അദ്ധ്യായം എന്ന രീതിയിൽ ക്രമാനുഗതമായി ചിട്ടപ്പെടുത്തണം ...

- പല ആശയങ്ങൾ ഒരു ഖണ്ഡികയിൽ ഇടകലർത്തരുത്. പ്രകരണങ്ങളായി അവതരിപ്പിക്കണം.
- യുക്തിഭദ്രവും ക്രമികവുമാവണം അവതരണം
- പ്രത്യക്ഷ വാക്യങ്ങൾ ഉപയോഗിക്കുക. വസ്തുനിഷ്ഠസമീപനത്തിന്റെ വ്യവഹാരമാണ് ആവശ്യം. ആലങ്കാരികത പാടില്ല. യുക്തിഭാഷയാണ് വൈകാരിക വാചാലതകൾ ഒഴിവാക്കണം
- ചിഹ്നനം ശ്രദ്ധിക്കണം (ചിഹ്നങ്ങൾ സ്വനിമങ്ങളാവുന്ന കാലത്ത് ചിഹ്നനത്തിന്റെ സ്ഥാപിത സൂചനകളെക്കുറിച്ച് ധാരണ വേണം.)
- ഇൻടെക്സ്റ്റ് സൈറ്റേഷനുകൾ, അടിക്കുറിപ്പുകൾ, ഗ്രന്ഥസൂചി എന്നിവ ഏതെങ്കിലും അംഗീകൃത സ്റ്റൈൽ മാനുവൽ അനുസരിച്ചാവണം
- യൂണികോഡ് അധിഷ്ഠിതമാവണം അച്ചടി.

വിവിധതരം അക്കാദമികരചനകൾ നിലവിലുണ്ട്. അവയെ സാമാന്യമായി ഇങ്ങനെ വർഗീകരിക്കാം.

- ഗവേഷണലേഖനങ്ങൾ
- ബുക്ക് റിവ്യു
- പ്രൊജക്റ്റ് റിപ്പോർട്ട്
- ഡിസർട്ടേഷൻ
- തിസീസ്

**പുസ്തകാവലോകനം**

ഒരു കൃതിയുടെ വിമർശാത്മക വിലയിരുത്തലാണ് ബുക്ക് റിവ്യു. ഏതുപുസ്തകാവലോകനവും തീർച്ചയായും ഒരു വാദം മുന്നോട്ടുവെക്കണം. അത് കൃതിയുടെ സംഗ്രഹമോ ആസ്വാദനമോ പരിചയപ്പെടുത്തലോ ആവരുത്. കൃതിയുടെ ഒരു വ്യാഖ്യാനമാണ് പുസ്തകാവലോകനം. ബുക്ക് റിപ്പോർട്ടും റിവ്യുവും തമ്മിലുള്ള അടിസ്ഥാനവ്യത്യാസം അതാണ്. ഈ അവലോകനം ചില സിദ്ധാന്തവിചാരങ്ങളിലേക്ക് വികസിക്കുമ്പോൾ അത് സാഹിത്യവിമർശനത്തിലേക്ക് ഉയരുകയും ചെയ്യും. ബുക്ക് റിപ്പോർട്ടിനും ഗ്രന്ഥനിരൂപണത്തിനുമിടയിലാണ് ബുക്ക് റിവ്യുവിന്റെ നില.

കൃതിയുടെ രചയിതാവുമായും മറ്റ് വായനക്കാരുമായും ഈ കൃതിയെ മുൻനിർത്തിയുള്ള സംഭാഷണത്തിലേക്കും തുടർചർച്ചയിലേക്കും പ്രവേശിക്കാൻ ഒരു റിവ്യൂ നിങ്ങളെ സഹായിക്കുന്നു. നിങ്ങൾക്ക് ഈ കൃതിയുടെ വായനാനുഭവം സംബന്ധിച്ച വാദങ്ങളും വിയോജിപ്പും രേഖപ്പെടുത്താനുള്ള ഇടമാണത്. കൃതിയുടെ ജ്ഞാന- അനുഭവതലം, അതിലെ വിധിന്യായങ്ങൾ, കാഴ്ചപ്പാടുകൾ, ഘടന എന്നീ വക ഏതു ഘടകങ്ങളിലുമുള്ള ആ കൃതിയുടെ മികവോ കുറവോ ഉള്ളത് എവിടെയാണെന്ന് തിരിച്ചറിയാനുള്ള വഴി കൂടിയാണ് ഈ അന്വേഷണം.

പരിശോധനയ്ക്ക് വിധേയമാക്കുന്ന കൃതിയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം നിങ്ങൾ വ്യക്തമായി പ്രസ്താവിക്കണം, ആ പ്രസ്താവന തീർച്ചയായും അക്കാദമിക്കുമാവണം. ഗവേഷണലേഖനം പോലുള്ള അക്കാദമിക് രചനകളുമായി രചനാപരമായി സാമ്യമുള്ളതായിരിക്കണം എഴുത്ത്, അതായത് ഒരു പൂർവകല്പന, അതിനെ പിൻപറ്റുന്ന ഖണ്ഡികകളായി തിരിച്ചുള്ള വിവരണങ്ങളും വിശകലനങ്ങളും, തുടർന്നെത്തുന്ന നിഗമനം എന്നീ ക്രമത്തിൽ യുക്തിഭദ്രമായും സ്പഷ്ടമായും രചന നിർവഹിക്കണം.

അതിദീർഘമായ രചനയല്ല റിവ്യൂ. പ്രസിദ്ധീകരണങ്ങളിൽ റിവ്യൂകൾ ആയിരം വാക്ക് അധികരിക്കാറില്ല. ആറുപുറത്തിൽ കവിയരുത് എന്നതാണ് ഒരു പൊതു വ്യവസ്ഥ.

റിവ്യൂ എഴുതുന്നയാളുടെയുംപുസ്തകത്തിന്റെയും സ്വഭാവമനുസരിച്ച് രചനാശൈലിയിലുംപരിചരണത്തിലും വ്യത്യാസങ്ങളുണ്ടാകുമെങ്കിലും ചില പൊതുസ്വഭാവങ്ങൾ റിവ്യൂവിനുണ്ട്. അവയെ താഴെ കാണും പ്രകാരം ക്രോഡീകരിക്കാം

1. കൃതിയുടെ സമഗ്രമായ ഒരു ചിത്രം - സംഗ്രഹം നൽകണം.
2. പ്രധാന കഥാസന്ദർഭങ്ങൾ ആശയങ്ങൾ കാഴ്ചപ്പാടുകൾ ഇവ ഉൾക്കൊള്ളിക്കണം.കൃതിയെ മുഴുവനായും പരിഗണിക്കണം.
3. കൃതിയുടെ സംഗ്രഹമോ കേവലാസ്വാദനമോപരിയപ്പെടുത്തലോ മാത്രമാവരുത്. വിമർശാത്മകമായ വിലയിരുത്തലുകൾ നിർബന്ധമാണ്.കൃതി നൽകിയ അനുഭവം കൃതി നിങ്ങളെ എങ്ങനെ സ്വാധീനിച്ചു, കൃതിയുടെമൂല്യം ഇവയെക്കെ വിലയിരുത്തലിൽ ആവാം.
4. വായനക്കാരനെ ആ കൃതിയിലേക്ക് അടുപ്പിക്കുക എന്നത് റിവ്യൂവിന്റെ പ്രാഥമിക ലക്ഷ്യമാണ്.
5. എഴുത്തുകാരൻ നിങ്ങളേക്കാൾ വലിയ ആളോ പ്രതിപാദ്യ വിഷയത്തിൽ നിങ്ങളേക്കാൾ ജ്ഞാനിയോ ആയിരിക്കാം. എന്നാൽ അത് പുസ്തകാവലോകനംനടത്തുന്നതിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കരുത്. വിഷയത്തിൽ അവഗാഹമുള്ളയാളെ പോലെയാണ് നിങ്ങൾ റിവ്യൂവിനകത്ത്

ഇറയം
റിസർച്ച് ജേർണൽ

[illegible]ണ്ടത്. അതിനായി ആവശ്യമായ വിഷയജ്ഞാനം നേടുകയും വേണം. നിങ്ങളുടെ റിവ്യൂ വായിക്കുന്ന ഒരാളും കൃതിയുടെ കർത്താവിനേക്കാൾ ശ്രേഷ്ഠനാണ് നിങ്ങൾ എന്ന മുൻവിധിയിലല്ല റിവ്യൂ വായിക്കുന്നത് എന്നോർക്കുക.

6. ഖണ്ഡനസ്വഭാവത്തിലായാലും മണ്ഡന സ്വഭാവത്തിലായാലും വിലയിരുത്തലുകളുംഅഭിപ്രായ പ്രകടനങ്ങളും ആവശ്യമായ ആന്തരിക തെളിവുകളും ഉദാഹരണങ്ങളും വിശകലനങ്ങളും കൊണ്ട് യുക്തിഭദ്രമാക്കണം വസ്തുതാവതരണത്തിനും പരിചയപ്പെടുത്തലിനുമല്ല ബുക്ക് റിവ്യൂവിൽ ഊന്നൽ. അത് ബുക് റിപ്പോർട്ടിന്റെ രീതിയാണ്. നിങ്ങളുടെ അഭിപ്രായരൂപീകരണത്തിലാവണം ശ്രദ്ധ.

<u>റിവ്യൂവിന്റെ ഘടന</u>

• ഒരു റിവ്യൂ ആറുപുറത്തിൽകവിയരുത്.  എഴുതുകയാണെങ്കിൽ പേജിന്റെ ഒരുവശത്തുമാത്രം വ്യക്തമായ കയ്യക്ഷരത്തിൽഎഴുതുക. യൂണികോഡ് അധിഷ്ഠിത ടൈപ്പിങ്ങ് ആണ് അഭികാമ്യം.

• പുസ്തകത്തിന്റെ പേര്, രചയിതാവിന്റെ പേര്, പ്രസാധകൻ, വർഷം, പ്രസിദ്ധീകരണ സ്ഥലം, ആകെ പേജുകൾ, വില, ഐഎസ് ബി എൻ നമ്പർ എന്നിവ ആദ്യംതന്നെ സൂചിപ്പിക്കുക. ഇത് അബ്സ്ട്രാക്റ്റ് ആയി അവലോകനത്തോടൊപ്പം നിർദ്ദിഷ്ട ഫിൽഡീൽ അപ് ലോഡ് ചെയ്യണം

• പുസ്തകശീർഷകത്തിനു പുറമേ, റിവ്യൂവിന് പ്രത്യേകശീർഷകം നൽകാവുന്നതാണ്.

• ആമുഖം, പുസ്തകത്തിന്റെ രത്നച്ചുരുക്കം, ഗ്രന്ഥകാരപരിചയം,  വിശകലനം, പുസ്തകത്തിന്റെ മേന്മകൾ, പോരായ്മകൾ, മൊത്തത്തിലുള്ളവിലയിരുത്തൽ. ഉപസംഹാരംഎന്നിവറിവ്യൂവിൽഉണ്ടായിരിക്കണം. ഇവ പ്രത്യേകം ഉപശീർഷകമിട്ട്എഴുതണമെന്നില്ല.

പുസ്തകത്തിന്റെ പേര് എഴുത്തുകാരന്റെ പേര്, കൃതി ഉൾപ്പെടുന്ന ജനുസ്സ്, പ്രസിദ്ധീകരിച്ച വർഷം ( കഥ, കവിത, നിരൂപണം സഞ്ചാരവിവരണം.. ) എന്നിവ കീവേഡായി നിർബന്ധമായും  നൽകണം. പ്രസക്തമായ ഉള്ളടക്കസൂചനകളും താക്കോൽ വാക്കുകളായി നൽകുന്നതു നന്ന്.

1. പുസ്തത്തിന്റെ സംഗ്രഹമല്ല, വിലയിരുത്തലാണ് നടത്തേണ്ടത്. പുസ്തകം എങ്ങനെയാണ്സമൂഹത്തിന് പ്രയോജനപ്പെടുന്നത്, അതതുമേഖലയിൽ നിലവിലുള്ളവിജ്ഞാനത്തെ പ്രസ്തുത പുസ്തകം എങ്ങനെയാണ്മുന്നോട്ടു നയിക്കുന്നത് എന്ന മട്ടിൽആലോചിക്കണം.
2. പുസ്തകത്തിലുള്ള മുഴുവൻകാര്യവും റിവ്യൂവിൽ ഉൾപ്പെടുത്തിയേ പറ്റൂഎന്ന് നിർബന്ധമില്ല. പ്രസക്തമായകാര്യങ്ങൾ മതിയാവും
3. പുസ്തകത്തെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾവച്ചുവേണംവിലയിരുത്താൻ; നമ്മുടെ ഇഷ്ടാനിഷ്ടങ്ങളാവരുത് മാനദണ്ഡം.
4. എന്താണ പുസ്തകത്തിന്റെ മുഖ്യ ആശയമ പ്രമേയം അതെങ്ങനെയാണ് ഗ്രന്ഥകാരൻ സ്ഥാപിച്ചെടുക്കുന്നത്? അതിലെ ജയപരാജയങ്ങൾ, ഉപാദാനങ്ങൾ ഈ ആശയത്തിന്റെ ചിട്ടപ്പെടുത്തൽ രൂപശില്പം എങ്ങനെയാണ്? ഈ ആശയമേഖലയിൽ കൂടുതൽ ഉൾക്കാഴ്ച നൽകാൻ നിങ്ങളെ ഈ കൃതി എങ്ങനെ സഹായിച്ചു എന്ന ക്രമത്തിലുള്ള ഒരു അന്വേഷണം യുക്തിഭദ്രമായ ഒരു റിവ്യു എഴുതാൻ നിങ്ങളെ സഹായിക്കും.
5. പുസ്തകത്തിൽനിന്ന്അമിതമായി ഉദ്ധരണികൾ ഉപയോഗിക്കേണ്ടതില്ല. പറയുന്ന കാര്യത്തെ സ്വന്തംനിലയ്ക്ക് അവതരിപ്പിക്കുന്നതാണ് നല്ലത്.
6. ഗ്രന്ഥകാരന്റെ മറ്റു കൃതികളെ കുറിച്ചുള്ള അറിവ്, ആ ജനുസ്സിൽ കൂടുതൽ കൃതികൾ വായിച്ചുള്ള പരിചയം എന്നിവ പുസ്തകാവലോകനം കാര്യക്ഷമമാവാൻ സഹായിക്കും

## രചനാ ശൈലി

അക്കാദമികമായ രചനാശൈലി പിന്തുടരേണ്ടതുണ്ടെന്ന് പറഞ്ഞല്ലോ. ഇതിൽ ഏതു ശൈലിയും സ്വീകരിക്കാം. പ്രബന്ധത്തിനകത്തെ പരാമർശങ്ങൾക്കും ഉദ്ധരണികൾക്കും ഇൻടെക്സ്റ്റ് റഫറൻസ് കൊടുക്കണം.

ഏതെങ്കിലും വിധത്തിൽ ഉദ്ധരിച്ച വാക്യങ്ങള്ക്കക ശേഷം ഒരു വലയത്തിനകത്തായി രചയിതാവിന്റെി സര്നെ യിം (കുടുംബപ്പേര്), പ്രസിദ്ധീകരിച്ച തീയതി, പേജ് നമ്പർ എന്നീ പ്രാഥമികവിവരങ്ങൾ നല്ക ന്നു.

മാതൃക:

ഇറയം
റിസർച്ച് ജേർണൽ

'പുരോഗമനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.'(എം പി പോൾ 1953, പു. 85).

ശ്രീ. പോൾ വാദിക്കുന്നതുപോലെ 'പുരോഗമാനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.' (1953, പു. 85)

ഉദ്ധരിക്കുമ്പോൾ സ്രോതസ്സിലെ വാചകങ്ങൾ അതേപടി പകര്ത്തുികയാണ് ചെയ്യുന്നത്. ഒറ്റ ഉദ്ധരണി ചിഹ്നം ഇവിടെ ഉപയോഗിക്കുന്നു. ഒരു ഉദ്ധരണിക്കുള്ളിൽ മറ്റൊന്ന് വരുമ്പോൾ അത് ഇരട്ട ഉദ്ധരണി ചിഹ്നം ഉപയോഗിച്ച് വേര്തി)രിക്കുന്നു. ദീർഘ ഉദ്ധരണികൾക്ക് ചിഹ്നം ആവശ്യമില്ല. ഉദ്ധരണികൾക്ക് പേജ് നമ്പർ നല്കുന്ന വിധം :

ഒരു പേജ് മാത്രമെങ്കിൽ - ( വത്സലൻ വാതുശ്ശേരി 2015, പു.31)

തുടര്ച്ചയായ പേജുകൾ ആണെങ്കിൽ - (വത്സലൻ വാതുശ്ശേരി 2015, പു.25-26)

ഗ്രന്ഥസൂചിയിൽ മലയാളം പുസ്തകങ്ങൾ ,ഇംഗ്ലീഷ് പുസ്തകങ്ങൾ, മലയാളം ആനുകാലികങ്ങൾ,ഇംഗ്ലീഷ് ആനുകാലികങ്ങൾ,അപ്രകാശിത ഗവേഷണപ്രബന്ധങ്ങൾ (പിഎച്ച്.ഡി, എം.ഫിൽ, എം.എ. പ്രബന്ധങ്ങൾ), പ്രോജക്ടുകൾ, വെബ്സൈറ്റുകൾ, എന്ന ക്രമത്തിൽ രേഖപ്പെടുത്താവുന്നതാണ്.

എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലക്രമത്തിലാണ് ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത്. പേരിനു ശേഷമാണ് ഇനിഷ്യലുകൾ, സ്ഥലനാമങ്ങൾ എന്നിവ ചേർക്കേണ്ടത്

റഫറൻസിൽ ഉള്പ്പെടുത്തേണ്ടവ:

- രചയിതാവിന്റെ സര്നെയിം, ഇനീഷ്യൽ
- പ്രസിദ്ധീകരിച്ച വർഷം
- പുസ്തകത്തിന്റെച പേര്
- എത്രാമത്തെ പതിപ്പ്. ഉദാ: നാലാം പതിപ്പ് (4th edn. )

(ഇ- ബുക്ക് ആണെങ്കിൽ അത് കൂടി ഇതു കഴിഞ്ഞ് സൂചിപ്പിക്കണം)

- പ്രസാധകൻ
- പ്രസിദ്ധീകരിച്ച സ്ഥലം

[illegible].

ചാത്തനാത്ത് അച്യുതനുണ്ണി, 1993, *ഗവേഷണം പ്രബന്ധരചനയുടെ തത്ത്വങ്ങൾ*, അഞ്ചാം പതിപ്പ്, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, കേരളം